# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.194/PR/PIC/PHQ/18 Date : 03.08.2018

പോലീസ് ടെക്നോളജി സെന്റർ: സമിതിക്ക് രൂപം നൽകി.

കേരള പോലീസിന്റെ സാങ്കേതിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കൂടുതൽ മെച്ചപ്പെടുത്തുന്നതിനുമായി ടെക്നോളജി സെന്റർ നിലവിൽ വരും. നിലവിലുള്ള ടെലികമ്മ്യൂണിക്കേഷൻ വിഭാഗം, ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി, സി സി റ്റി എൻ എസ് വിഭാഗം, പോലീസ് ഡാറ്റാ സെന്റർ, റിസർച്ച് & ഡെവലപ്മെന്റ് സെന്റർ, സൈബർ ഫോറൻസിക് ഡിവിഷൻ, പോലീസ് ഫോട്ടോഗ്രാഫി യൂണിറ്റ് തുടങ്ങിയ വിഭാഗങ്ങളാണ് ഈ സെന്ററിൽ പ്രവർത്തിക്കുക. ടെക്നോളജി സെന്ററിന്റെ വിശദമായ രൂപരേഖയും സമർപ്പിക്കുന്നതിന് എസ് സി ആർ ബി എ ഡി ജി പി ചെയർമാനും, തിരുവനന്തപുരം റേഞ്ച് ഐ ജി, ഐ ജി അഡ്മിനിസ്ട്രേഷൻ, ആംഡ് പോലീസ് ബറ്റാലിയൻ ഡി ഐ ജി, തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവി, ടെലികമ്മ്യൂണിക്കേഷൻ എസ് പി ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി എസ് പി എന്നിവർ അംഗങ്ങളായി സമിതി രൂപീകരിച്ചു. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കും. വകുപ്പിനു പുറത്തുനിന്നുള്ള സാങ്കേതിക വിദഗ്ധരുടെ സഹായവും ഈ പദ്ധതിയ്ക്ക് അന്തിമരൂപം നൽകുന്നതിന് സ്വീകരിക്കുമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ പറഞ്ഞു.

***************